A **304**

# സമഗ്ര ശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണയം 2022-23
## പരിസരപഠനം

ക്ലാസ്സ് 3 സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ............................................

വിദ്യാലയത്തിന്റെ പേര്............................................

............................................

ഡിവിഷൻ............................................

രക്ഷിതാവിന്റെ ഒപ്പ്............................................

അധ്യാപകന്റെ ഒപ്പ്............................................

| ക്രമ നം. | പ്രവർത്തനം | ഗ്രേഡ് |
|---|---|---|
| 1 | സുന്ദരിപ്പൂമ്പാറ്റ | |
| 2 | ഭക്ഷണത്തിലുമുണ്ട് കാര്യം | |
| 3 | കൃഷിപാഠം | |
| 4 | എന്റെ തോട്ടം | |
| 5 | മണ്ണില്ലെങ്കിൽ നാമില്ല | |
| 6 | ആരോഗ്യമാണ് സമ്പത്ത് | |
| | ഓവറോൾ ഗ്രേഡ് | |

**പൊതുനിർദേശങ്ങൾ**

1 ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2 1 മുതൽ 6 വരെയുള്ള പ്രവർത്തനങ്ങളിൽ 5 എണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.
3 തിരഞ്ഞെടുത്ത ചോദ്യത്തിന്റെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

പ്രവർത്തനം 1 - സുന്ദരിപ്പൂമ്പാറ്റ

വർണച്ചിറകുകൾ വീശി വീശി പാറിവരുന്ന പൂമ്പാറ്റകൾക്ക് എന്തു ഭംഗിയാണ്! ചെടികളിൽ പഴങ്ങളും പച്ചക്കറികളും ഉണ്ടാകാൻ പൂമ്പാറ്റകളും സഹായിക്കുന്നുവെന്ന് നിങ്ങൾക്കറിയാമോ?

ചിത്രത്തിലെ പൂമ്പാറ്റയ്ക്ക് നിറം നൽകു...



എ) ജീവിത ചക്രത്തിൽ പൂമ്പാറ്റയ്ക്ക് നാലു ഘട്ടങ്ങൾ ഉണ്ടെന്ന് അറിയാമല്ലോ. ചിത്രങ്ങൾ നിരീക്ഷിച്ച് ഘട്ടങ്ങൾ എഴുതിച്ചേർക്കൂ.









ബി) ചിത്രത്തിലെ പൂമ്പാറ്റയ്ക്ക് മഞ്ഞനിറം നൽകൂ.
ഇത് ഏതിനം പൂമ്പാറ്റ ആണ്?



സി) നിങ്ങളുടെ വീട്ടിൽ വിരുന്നുവരുന്ന ഏതെങ്കിലും രണ്ടിനം പൂമ്പാറ്റകളുടെ പേര് എഴുതുക.

- ..............................
- ..............................

ഡി) പൂമ്പാറ്റകളുടെ സംരക്ഷണം നാം ഉറപ്പുവരുത്തേണ്ടത് ഉണ്ട്.
അവയെ ആകർഷിക്കാൻ നാം എന്തൊക്കെ ചെയ്യണം?

..............................

..............................

പ്രവർത്തനം 2 – ഭക്ഷണത്തിലുമുണ്ട് കാര്യം

എ) പോഷകാഹാരക്കുറവ് പരിഹരിക്കാൻ വിവിധതരത്തിലുള്ള ഭക്ഷണസാധനങ്ങൾ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. താഴെ തന്നിരിക്കുന്ന ആഹാരവസ്തുക്കൾ ഏതൊക്കെ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവയാണ്?

| | | | | |
|---|---|---|---|---|
| മുരിങ്ങയില | മുന്തിരി | കടല | ആപ്പിൾ | കാബേജ് |
| ചെറുപയർ | ഗ്രീൻപീസ് | മരച്ചീനി | ഓറഞ്ച് | ചേമ്പ് |
| പടവലങ്ങ | മത്തങ്ങ | വെണ്ടയ്ക്ക | | ചീര |

പട്ടിക പൂർത്തിയാക്കൂ...

| കിഴങ്ങുവർഗം | .................. | .................. | .................. | .................. |
|---|---|---|---|---|
| | കടല | | | |

ബി) ഞാൻ ഒരു പയറുവർഗവിളയാണ്.
എന്റെ നിറം പച്ചയാണ്.
കടലയെക്കാൾ ചെറുതാണ്. ഞാനാര്? •..................................................

സി) കൂട്ടത്തിൽ പെടാത്തത് ഏത്?
പാൽ, മുട്ട, മരച്ചീനി, മാംസം •..................................................

പ്രവർത്തനം 3 – കൃഷിപാഠം

ചുവടെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ നിരീക്ഷിക്കൂ.



എ) കൃഷിക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങൾ ചിത്രത്തിൽ നിന്നും കണ്ടെത്തി എഴുതുക.

- ..................................................
- ..................................................
- ..................................................
- ..................................................

ബി) വസ്ത്രം നിങ്ങളുടെ കൈകളിൽ എത്തുന്നത് നിരവധി ആളുകളുടെ ശ്രമഫലമായിട്ടാണ്. പരുത്തികൃഷിയിൽ തുടങ്ങി തുണിക്കടയിൽ എത്തുന്നതു വരെയുള്ള ഘട്ടങ്ങൾ ക്രമത്തിലെഴുതൂ...

- ..............................................
- ..............................................
- ..............................................
- ..............................................
- ..............................................
- ..............................................
- ..............................................
- ..............................................

സി) കൃഷിക്ക് ഇന്ന് ഉപയോഗിക്കുന്ന പല ഉപകരണങ്ങളും പണ്ട് ഇല്ലായിരുന്നു. താഴെ തന്നവയ്ക്കു പകരം മുൻകാലങ്ങളിൽ എന്താണ് ഉപയോഗപ്പെടുത്തിയത്?

മോട്ടോർപമ്പ് - ..............................................

ട്രാക്ടർ - ..............................................

പ്രവർത്തനം 4 - എന്റെ തോട്ടം

| | |
|---|---|
| പച്ചക്കറികളിൽ കീടനാശിനിയുടെ അളവ് കൂടുതൽ | വിഷാംശം ഉള്ള പച്ചക്കറികളുടെ ഉപയോഗം - രോഗികളുടെ എണ്ണം കൂടുന്നു. |

എ) പത്രവാർത്തകളിലെ തലക്കെട്ടുകൾ വായിച്ചല്ലോ? സ്വന്തമായി അടുക്കളത്തോട്ടം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത മനസ്സിലായില്ലേ? ഒരു അടുക്കളത്തോട്ടം നിർമിക്കുന്നതിന് നിങ്ങൾ എന്തെല്ലാം ഒരുക്കങ്ങൾ നടത്തണം?

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

ബി) അടുക്കളത്തോട്ടത്തിൽ നിന്നും നേരിട്ട് ലഭിക്കുന്ന പഴങ്ങൾക്കും പച്ചക്കറികൾക്കും എന്തെല്ലാം ഗുണങ്ങൾ ഉണ്ടാകും? എഴുതി നോക്കൂ.

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

**പ്രവർത്തനം 5 - മണ്ണില്ലെങ്കിൽ നാമില്ല**

എ) ഉത്സവത്തിന്റെ ഭാഗമായി ബാക്കിവന്ന പ്ലാസ്റ്റിക് കവർ കുഴിച്ചുമൂടാമെന്ന് അമ്മു പറഞ്ഞു. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

..............................................................................................................

..............................................................................................................

ബി) സ്കൂളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കുകയാണ്. അധ്യാപകരും ശുചിത്വ ക്ലബ്ബ് അംഗങ്ങളും പ്രവർത്തനങ്ങളിൽ പങ്കാളികളായി. അവർ ശേഖരിച്ച വസ്തുക്കൾ ചുവടെ ചേർത്തിരിക്കുന്നു. ഇതിൽ നിന്നും മണ്ണിൽ അലിഞ്ഞു ചേരാത്ത വസ്തുക്കൾ കണ്ടെത്തി എഴുതൂ.

**ശേഖരിച്ച വസ്തുക്കൾ**

പഴത്തൊലി
ഇലകൾ
പത്രക്കടലാസ്
തെർമോകോൾ
പ്ലാസ്റ്റിക് കവർ
വിറക് കഷ്ണം
തുണി മാസ്ക്ക്
ആഹാരപദാർഥങ്ങൾ
മിഠായി കവർ
സ്ട്രോ (പ്ലാസ്റ്റിക് )
ബലൂണുകൾ
പൂക്കൾ
പ്ലാസ്റ്റിക് കുപ്പികൾ

**മണ്ണിൽ അലിഞ്ഞു ചേരാത്തവ**

- ..............................
- ..............................
- ..............................
- ..............................
- ..............................
- ..............................

സി) 'മണ്ണാണ് ജീവൻ, മണ്ണിലാണ് ജീവൻ' എന്ന ആശയം എല്ലാവരിലും എത്തിക്കുന്നതിനായുള്ള പോസ്റ്റർ വിദ്യാലയത്തിലെ വിവിധയിടങ്ങളിൽ പതിക്കാൻ അവർ തീരുമാനിച്ചു. അനുയോജ്യമായ പോസ്റ്റർ വാചകങ്ങൾ എഴുതൂ.

പ്രവർത്തനം - 6 ആരോഗ്യമാണ് സമ്പത്ത്

ചിത്രം നിരീക്ഷിക്കൂ...



എ) രോഗം പകരാനുള്ള ഏതൊക്കെ സാഹചര്യങ്ങളാണ് ചിത്രത്തിൽ നിന്നും കണ്ടെത്താൻ കഴിയുന്നത്?

- ....................................................................................................
- ....................................................................................................
- ....................................................................................................
- ....................................................................................................

ബി) ജലം മലിനമാകാതെ സംരക്ഷിക്കേണ്ടതുണ്ട്. ജലത്തിലൂടെ പകരുന്ന നാല് രോഗങ്ങളുടെ പേരെഴുതൂ...

- ........................................ • ........................................
- ........................................ • ........................................

സി) പരിസരശുചിത്വം പോലെ തന്നെ പ്രധാനമാണ് വ്യക്തിശുചിത്വവും നല്ല ആരോഗ്യ ശീലങ്ങളും. താഴെ പറയുന്നവയിൽ നിന്നും തെറ്റായ ആരോഗ്യശീലങ്ങൾക്ക് നേരെ (X) അടയാളപ്പെടുത്തൂ...

- തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്നു. ☐
- തുറന്ന സ്ഥലത്ത് മലമൂത്രവിസർജനം നടത്തുന്നു. ☐
- കൃത്യസമയത്ത് ആഹാരം കഴിക്കുന്നു. ☐
- തുറന്നുവച്ച ആഹാരം കഴിക്കുന്നു. ☐